# ഗവൺമെൻറ് മോഡൽ ഹൈസ്കൂൾ ,തിരുവല്ല (37046)

## മികവ് 2024- 25

### <u>പ്രവർത്തനറിപ്പോർട്ട്</u>

**ആമുഖം**

2024-25 വർഷം വിദ്യാഭ്യാസ ഗുണമേന്മ വർഷമായതിനാൽ ഈ അക്കാദമിക വർഷാരംഭം മുതൽ വിദ്യാഭ്യാസ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനാണ് പ്രാധാന്യം നൽകിയിരിക്കുന്നത്.കുട്ടികളുടെ അക്കാദമിക വെല്ലുവിളികൾ കണ്ടെത്തി അവരെ മികച്ച നിലവാരത്തിൽ എത്തിക്കുന്നതിന് ജൂൺ ആദ്യവാരത്തിൽ തന്നെ ഓരോ കുട്ടിയുടെയും നിലവാരം മനസ്സിലാക്കുന്നതിന് ഒരു പ്രീ ടെസ്റ്റ് നടത്തിയിരുന്നു. നാസ്, സീസ്, പരീക്ഷകളുടെ അടിസ്ഥാനത്തിലും കുട്ടികളെ വിലയിരുത്തി. പ്രത്യേക ശ്രദ്ധ വേണ്ടുന്ന കുട്ടികൾക്ക് പഠന പിന്തുണ വേണ്ടുന്ന എല്ലാ വിഷയങ്ങളിലും പ്രത്യേക സമയം കണ്ടെത്തി പഠന പിന്തുണ നൽകിവരുന്നു .യു പി ,എച്ച് എസ് വിഭാഗങ്ങളിൽ നിന്നും 42 കുട്ടികളെ ഇതിൽ പങ്കെടുപ്പിക്കുന്നു. രാവിലെ 9 മുതൽ 9 .30 വരെയും വൈകുന്നേരങ്ങളിൽ 3.50 മുതൽ 4.20 വരെയും ഉള്ളസമയങ്ങളിലാണ് പ്രത്യേക പഠന പിന്തുണ നൽകി വരുന്നത്. ഇതിനായി പ്രത്യേകം ടൈംടേബിൾ ക്രമീകരിച്ച് പഠന പിന്തുണ നൽകിവരുന്നു .ഭാഷാ വിഷയങ്ങളിലും മറ്റു വിഷയങ്ങളിലും കുട്ടികൾക്ക് നിരന്തര പിന്തുണ നൽകിവരുന്നു കുട്ടികൾ ഏറെ ഉത്സാഹത്തോടെ പഠന പിന്തുണ പ്രവർത്തനങ്ങളിൽ പങ്കെടുക്കുന്നു .സ്കൂൾ ഹെഡ്മാസ്റ്ററിന്റെ നേതൃത്വത്തിൽ യുപി ,എച്ച് എസ് വിഭാഗങ്ങളിലെ എല്ലാ അധ്യാപകരും ഈ പരിപാടിക്ക് പൂർണ്ണ പിന്തുണ നൽകുന്നു.

**പ്രവർത്തനങ്ങൾ**

ഭാഷാ വിഷയങ്ങളിൽ ആണ് പ്രധാനമായും പഠന പിന്തുണ നൽകിവന്നിരുന്നത്. തുടർന്ന് മറ്റു വിഷയങ്ങളിലും കുട്ടികളുടെ വെല്ലുവിളികൾ കണ്ടെത്തി അവർക്ക് പഠന പിന്തുണ നൽകിവരുന്നു.

**ഭാഷാ വിഷയങ്ങൾ**

ഭാഷാ വിഷയങ്ങളിൽ അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിനു വേണ്ടി ചിത്രങ്ങളും വീഡിയോകളും പ്രദർശിപ്പിച്ച് ഐസിടി സഹായത്തോടെ പ്രവർത്തനങ്ങൾ നടത്തി വരുന്നു. ചിത്രങ്ങൾ മനസ്സിലാക്കി പേരുകൾ എഴുതുന്നതിനും അവയെക്കുറിച്ച് വാക്യങ്ങൾ നിർമ്മിക്കുന്നതിനും പ്രവർത്തനങ്ങൾ നൽകി







കേരളപാഠാവലി ,അടിസ്ഥാനപാഠാവലി പുസ്തകങ്ങളെ അടിസ്ഥാനമാക്കി പാഠഭാഗങ്ങളെ കേന്ദ്രീകരിച്ച് ചിത്രങ്ങൾ വരയ്ക്കുകയും അതിനായിചിത്രരചനയിൽ താല്പര്യമുള്ള കുട്ടികളുടെ സഹായം പ്രയോജനപ്പെടുത്തുകയും ചെയ്തു വരുന്നു.ഈ ചിത്രങ്ങൾ ഉപയോഗിച്ച് വാക്കുകൾ നിർമ്മിക്കാനും വാക്യങ്ങൾ നിർമ്മിക്കുവാനും കുട്ടികളെ പ്രാപ്തരാക്കുന്നു.മറ്റു ഭാഷാ വിഷയങ്ങളായ ഇംഗ്ലീഷ്, ഹിന്ദി എന്നിവയ്ക്കും ഈ മാതൃക സ്വീകരിച്ചുവരുന്നു.



പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി നാടകം, അഭിനയം, കഥാരചന കവിത രചന ചിത്രരചന പ്രസംഗം എന്നിവയും മറ്റു സാഹിത്യ രൂപങ്ങളിലേക്ക് മാറ്റുക തുടങ്ങിയ പ്രവർത്തനങ്ങളും ചെയ്തു വരുന്നു.ഇവയിൽ എല്ലാം കുട്ടികളുടെ ഉത്സാഹത്തോടെയുള്ള പങ്കാളിത്തം ഏറെ സന്തോഷം നൽകുന്നു.പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള വീഡിയോ പ്രദർശനവും സിനിമ പ്രദർശനവും ഷോർട്ട് ഫിലിം പ്രദർശനവും കുട്ടികളെ പഠനത്തിലേക്ക് ആകർഷിക്കുന്നു. അവ കണ്ടതിനു ശേഷം പദങ്ങൾ നിർമ്മിക്കുക വാക്യങ്ങൾ നിർമ്മിക്കുക ആസ്വാദനകുറിപ്പ് തയ്യാറാക്കുക തുടങ്ങിയ പ്രവർത്തനങ്ങളും നൽകിവരുന്നു. ഇതോടൊപ്പം പഠനത്തിൽ മിടുക്കരായ സഹപാഠികളുടെ പിന്തുണയും പ്രയോജനപ്പെടുത്തുന്നു.




## ഗണിതം



ഗണിതത്തെ ആസ്വാദ്യകരമാക്കുന്ന പ്രവർത്തനങ്ങളും,ചതുഷ്ക്രിയകൾ കുട്ടികളുടെ മനസ്സിൽ പതിയുന്നതിന് ആവശ്യമായപ്രവർത്തനങ്ങളും നൽകിവരുന്നു .ത്രികോണങ്ങളും വൃത്തങ്ങളും നിർമ്മിക്കുന്നതിനും അവയുടെ അളവുകൾ കണ്ടെത്തുന്നതിനും അവയുമായി ബന്ധപ്പെട്ട ക്രിയകൾ ചെയ്യുന്നതിനും കുട്ടികളെ പര്യാപ്തമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നൽകിവരുന്നു. മുത്തുകളും ഈർക്കിലികളും ഉപയോഗിച്ചും മറ്റ് വസ്തുക്കൾ ഉപയോഗിച്ചും ഗണിതത്തിന്റെ മാതൃകകൾ നിർമ്മിച്ച് കുട്ടികൾക്ക് ഗണിത പ്രവർത്തനങ്ങൾആസ്വാദ്യകരമാക്കുന്നതിനുള്ള പ്രവർത്തനങ്ങളും

നൽകിവരുന്നു. പഠന പിന്തുണ ആവശ്യമായ എല്ലാ കുട്ടികളും വളരെ ശ്രദ്ധയോടെ ഇത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നു.



## ശാസ്ത്രവിഷയങ്ങൾ

ശാസ്ത്ര,സാമൂഹ്യശാസ്ത്രവിഷയങ്ങളിലും പിന്തുണ നൽകുന്നതിനുവേണ്ടി ചിത്രങ്ങളിലൂടെയും സൂത്രവാക്യങ്ങളിലൂടെയും മാപ് നിർമ്മാണത്തിലൂടെയും പഠന പിന്തുണ ഉറപ്പുവരുത്തുന്നു. ചരിത്ര പ്രാധാന്യമുള്ള സ്ഥലങ്ങൾ സന്ദർശിച്ചും എക്സിബിഷനുകളിൽ പങ്കെടുത്തും ലാബ് പ്രവർത്തനങ്ങൾ സജീവമാക്കിയുംഈ വിഷയങ്ങൾക്കും ഉള്ള പഠന പിന്തുണ ഊർജ്ജിതമാക്കുന്നു






കുട്ടികളുടെ മികവ് പരിശോധിക്കുന്നതിന് വേണ്ടി ഇടവേളകളിൽനടത്തിയ പരീക്ഷകളിൽ കുട്ടികളിൽ ശ്രദ്ധേയമായ മാറ്റം വന്നിട്ടുണ്ട് എന്നുള്ളത് 2024-25 അധ്യായന വർഷത്തിലെ അക്കാദമിക മികവുകളിൽ ഒന്നാണ്. ഈ സ്കൂളിലെ കുട്ടികളിൽ

90% ഹോസ്റ്റലിൽ താമസിച്ചു പഠിക്കുന്നവരാകയാൽ Peer group ന്റെ സഹായത്താൽ പഠന പിന്തുണാ പ്രവർത്തനങ്ങൾ ഏറെ സജീവമായി മുന്നോട്ടു കൊണ്ടു പോകാനാകുന്നു എന്നതും ശ്രദ്ധേയമാണ്.

Peer Group Mentoring



## പ്രവർത്തന സംഗ്രഹം

ഈ അക്കാദമിക വർഷത്തിലെ മികവ് പ്രവർത്തനങ്ങളുടെ വിലയിരുത്തലനായി എച്ച് എം ശ്രീ രമേഷ് കുമാർ കുമാറിന്റെ നേതൃത്വത്തിൽ യോഗം ചേരുകയും മികവ് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തു. ഭാഷ , ഗണിതം,ശാസ്ത്ര വിഷയങ്ങൾ എന്നിവയിൽ വിദ്യാർത്ഥികളിൽ പ്രകടമായ മാറ്റം വരുത്തുവാൻ സാധിച്ചു എന്ന് യോഗം വിലയിരുത്തി .മികവ് പ്രവർത്തനങ്ങളിൽ സ്കൂൾ പിടിഎയുടെ പൂർണ്ണ പിന്തുണ ഉണ്ടായിരുന്നു.

തിരുവല്ല

29.01.2025

ഹെഡ് മാസ്റ്റർ

ഗവൺമെൻറ് മോഡൽ ഹൈസ്കൂൾ
തിരുവല്ല